☎ : 0484-2401448, 2401990
Fax : 0484-400644.

**Kerala Headload Workers Welfare Board**

[ Established under Section 14 of the Act 20 of 1980 ]

P.B.No.2017, S.R.M. Road, Ernakulam, Kochi - 682 018

ഇ5- 18060/19/KHWWB

തീയതി- 21.12.2019

പ്രേഷക,

ചീഫ് എക്സിക്യൂട്ടീവ്

സ്വീകർത്താവ്,

ചെയർമാൻ

എല്ലാ ജില്ലാ കമ്മിറ്റി/കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി

സർ,

വിഷയം :- കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് - ജീവനക്കാര്യം - അക്കൗണ്ട്സ് ഓഫീസർ/ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള ഉദ്യോഗസ്ഥരുടെ വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് - നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 15/2/14-ലെ പൊതുഭരണവകുപ്പിന്റെ സർക്കുലർ നമ്പർ 3900/എ.ഡി.വി.സി.-2/2014/പി.എ.ആർ.ഡി.

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ്, സ്റ്റാഫ് (നിയമനവും സേവനവ്യവസ്ഥകളും പെരുമാറ്റവും അച്ചടക്കവും) ചട്ടങ്ങൾ 2002 റൂൾ 27 പ്രകാരം (1) (എ) വിഭാഗം(iii),(iv)തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് തയ്യാറാക്കുന്ന അർഹരായ ആളുകളുടെ ലിസ്റ്റ് പ്രസ്തുത ആവശ്യത്തിനായി ബോർഡ് 9-ാം ചട്ടപ്രകാരം രൂപീകരിക്കുന്ന പ്രൊമോഷൻ കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തേണ്ടതും പ്രൊമോഷൻ വഴി നിയമനങ്ങൾ നടത്താൻ ഒരു സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് ബോർഡിനോട് ശുപാർശ ചെയ്യാവുന്നതും നിയമനത്തിനായുള്ള തെരഞ്ഞെടുപ്പ്, യോഗ്യതയുടേയും കഴിവിന്റേയും അടിസ്ഥാനത്തിലായിരിക്കേണ്ടതും യോഗ്യതയും കഴിവും ഏതാണ്ട് തുല്യമായിരിക്കുമ്പോൾ മാത്രം സീനിയോറിറ്റി പരിഗണിച്ചാൽ മതിയാവുന്നതുമാണ്. പ്രൊമോഷന്റെ നടപടിക്രമത്തിൽ ചീഫ് എക്സിക്യൂട്ടീവ്, തൊട്ട് താഴത്തെ വിഭാഗത്തിലുള്ള ജീവനക്കാരന്റെ ജോലി സംബന്ധിച്ച റിക്കാർഡ്, പ്രൊമോഷൻ കമ്മിറ്റിയുടെ മുൻപാകെ പാനൽ സഹിതം സമർപ്പിക്കേണ്ടതാണെന്നതും നിഷ്കർഷിക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന സർക്കുലറിൽ വിശദീകരിച്ചതിൽ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡിൽ, അക്കൗണ്ട്സ് ഓഫീസർ/ജൂനിയർ സൂപ്രണ്ട് തസ്തികകളിലുള്ള ഉദ്യോഗസ്ഥരുടെ 2019 കലണ്ടർ വർഷത്തെ വാർഷിക കോൺഫിഡൻഷ്യൽ റിപ്പോർട്ട് അതാത് കമ്മിറ്റി ചെയർമാൻമാർ

സൂക്ഷ്മപരിശോധന നടത്തി വിലയിരുത്തിയതിനുശേഷം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിച്ച് ബോർഡ് ഓഫീസിലേക്ക് 2020 ജനുവരി-20-നകം ലഭ്യമാക്കേണ്ടതാണ്.

1. സി.ആർ.ലെ എല്ലാ കോളങ്ങളും കൃത്യതയോടെ പൂരിപ്പിച്ചിരിക്കണം.
2. സബ്മിഷൻ തീയതി, റിപ്പോർട്ടിങ്ങ് തീയതി, റിവ്യൂ തീയതി എന്നിവ രേഖപ്പെടുത്തി മേലുദ്യോഗസ്ഥന്റെ ഒപ്പും സീലും തീയതിയും ഉൾപ്പെടുത്തിയിരിക്കണം.
3. സെൽഫ് അപ്രൈസൽ ടൈപ്പ് ചെയ്ത് ഉദ്യോഗസ്ഥർ ഒപ്പും പേരും തീയതിയും രേഖപ്പെടുത്തിയിരിക്കണം.
4. അപൂർണ്ണമായ സി.ആർ. സ്വീകരിക്കുന്നതല്ല.

മേൽ സൂചനയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതും പ്രസ്തുത തീയതിക്കകം ഹാജരാക്കാത്തതുമായ റിപ്പോർട്ട് ഡി.പി.സി മുൻപാകെ സമർപ്പിക്കുന്നതല്ല. ഈ കത്ത് ലഭിച്ചതിന്റെ വിവരം മടക്കത്തപാലിൽ അയയ്ക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതല്ല എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

ചീഫ് എക്സിക്യൂട്ടീവ് (I/C)

പകർപ്പ്

**ഫിനാൻസ് ഓഫീസർ,**

**അക്കൗണ്ട്സ് ഓഫീസർമാർ, ജൂനിയർ സൂപ്രണ്ടുമാർ**

**നോട്ടീസ് ബോർഡ്**

**വെബ്സൈറ്റ് (https://khwwb.org)**